**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 316** — **08-08-2023 - ൽ മറുപടിയ്ക്ക്**

**വിലക്കയറ്റം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നീല റേഷൻ കാർഡ് ഉടമകൾക്ക് 10.90 രൂപയ്ക്ക് റേഷൻ കടകൾ വഴി അധിക അരി നൽകുന്നത് പരിഗണനയിൽ ഉണ്ടോ; | (എ) | നിലവിൽ സംസ്ഥാനത്തെ മുൻഗണനേതര-സബ്സിഡി (നീല കാർഡ്) കാർഡിലെ ഓരോ അംഗത്തിനും 2 കി.ഗ്രാം അരി വീതം കി.ഗ്രാമിന് 4 രൂപ നിരക്കിൽ നൽകി വരുന്നു. ടി വിഭാഗത്തിന് അധിക വിഹിതം നൽകുന്നതിന്റെ സാധ്യത പരിശോധിച്ചു വരുന്നു. |
| (ബി) | നിത്യോപയോഗ സാധനങ്ങൾക്ക് ചില വ്യാപാരികൾ അമിതമായി വില ഈടാക്കുന്നത് മൂലം അവശ്യ സാധനങ്ങൾക്ക് ഉണ്ടാകുന്ന വിലയക്കയറ്റം നിയന്ത്രിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളം നിത്യേപയോഗ സാധനങ്ങൾക്കായി മറ്റ് സംസ്ഥാനങ്ങളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. സപ്ലൈകോയുടെ ശക്തമായ വിപണി ഇടപെടൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്. സപ്ലൈകോയുടെ വിപുലമായ വിൽപ്പന ശൃംഖല മുഖേന വിതരണം നടത്തുന്ന സബ്സിഡി സാധനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം സർക്കാർ വിളിച്ചു ചേർത്ത് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വില നിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്.<br><br>വിലനിലവാരം നിയന്ത്രിക്കുന്നതിനായി ജയ അരി, പഞ്ചസാര എന്നിവ സംഭരിക്കുന്നതിനു വേണ്ടി സപ്ലൈകോ, ആന്ധ്രാ, കർണ്ണാടക സിവിൽ സപ്ലൈസ് കോർപ്പറേഷനുകളുമായി ചർച്ച നടത്തി |

വരുന്നു. കേന്ദ്ര സർക്കാർ സംഭരിച്ച ചെറുപയർ, കടല എന്നിവ കേന്ദ്ര സബ്സിഡി സ്കീം മുഖേന നാഫെഡ്/ എൻ.സി.സി.എഫ് എന്നിവ മുഖേന സംഭരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പൊതുവിതരണവകുപ്പ് ഉദ്യോഗസ്ഥർ പൊതു വിപണിയിലെ കടകളിൽ പരിശോധനകൾ നടത്തുകയും വിലവിവര പട്ടിക പ്രദർശിപ്പിക്കാത്ത കടകൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ജില്ലാ സപ്ലൈ ഓഫീസർ / താലൂക്ക് സപ്ലൈ ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ സ്ക്വാഡ് രൂപീകരിച്ച് കർശന പരിശോധനകൾ നടത്തുകയും പരിശോധനകൾ തുടർന്നു വരുകയും ചെയ്യുന്നു.

വിലക്കയറ്റം തടയുന്നതുമായി ബന്ധപ്പെട്ട് ബഹു.ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ 14/06/2023 തീയതിയിൽ ജില്ലാ കളക്ടറുമായി വീഡിയോ കോൺഫറൻസ് മുഖാന്തരം നടന്ന മീറ്റിംഗിൽ ജില്ലാതലത്തിൽ താഴെപ്പറയുന്ന മൂന്ന് തലങ്ങളിലുള്ള പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി.

**1. മൊത്ത വ്യാപാരികളുമായുള്ള ചർച്ച -**

ജില്ലാ കളക്ടർമാർ ബന്ധപ്പെട്ട ജില്ലകളിലുള്ള മൊത്ത വ്യാപാരികളുമായി ചർച്ച നടത്തി ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ചരക്ക് നീക്കത്തിൽ ഉണ്ടായാൽ അവ മാറ്റുന്നതിനും ചരക്ക് നീക്കം സുഗമമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതുപ്രകാരം എല്ലാ ജില്ലാ കളക്ടർമാരും ജില്ലാ തലത്തിൽ മൊത്ത വ്യാപാരികളുമായി ചർച്ച നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**2. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലുള്ള സ്പെഷ്യൽ സ്ക്വാഡ് -**

ജില്ലാ കളക്ടർമാർ നേരിട്ട് സംസ്ഥാനത്തെ വിവിധ പൊതുവിപണികളിൽ പരിശോധന നടത്തുന്നതിനും പ്രസ്തുത പരിശോധനയിൽ ഏതെങ്കിലും തരത്തിലുള്ള അനിയന്ത്രിതമായ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടാൽ നേരിട്ട് ഇടപെട്ട് പരിഹാരം കണ്ടെത്തണമെന്ന് നിർദ്ദേശിച്ചു. ആയതു പ്രകാരം ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പൊതുവിപണികളിൽ പരിശോധന നടത്തിവരുന്നു.

### 3. വിവിധ വകുപ്പുകളുടെ സംയുക്ത പരിശോധന

ജില്ലാ സപ്ലൈ ആഫീസർമാരുടെ നേതൃത്വത്തിൽ, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ വകുപ്പ് എന്നീ വകുപ്പുകൾ ചേർന്ന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പൊതുവിപണി പരിശോധന നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം നടത്തിയ പരിശോധനയിൽ വിലവിവരപത്രിക പ്രദർശിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്.

പച്ചക്കറി, പലവ്യഞ്ജനം, പഴവർഗ്ഗങ്ങൾ എന്നിവയുടെ വില നിയന്ത്രിക്കുന്നതിനായി പൊതുവിപണി പരിശോധന കർശനമാക്കിയിട്ടുണ്ട്.

അവശ്യ വസ്തുക്കളുടെ വിലയുടെ നിരീക്ഷണത്തിനും ശേഖരണത്തിനും വേണ്ടി കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ 'Price Monitoring Cell' പ്രവർത്തിച്ചു വരുന്നു. 14 ജില്ലകളും Price Monitoring Cell ന്റെ കേന്ദ്രങ്ങളായി കേന്ദ്ര സർക്കാർ അംഗീകരിച്ച സാഹചര്യത്തിൽ ടി 14 ജില്ലകളിൽ നിന്നും വില ശേഖരിച്ച് സാമ്പത്തിക സ്ഥിതി വിവര കണക്കു വകുപ്പിന്റെ സഹായത്തോടെ PMS ആപ്പിൽ upload ചെയ്തു വരുന്നു. കൂടാതെ ടി വിലകൾ കേന്ദ്ര സർക്കാർ തലത്തിൽ പരിശോധിക്കുകയും ചെയ്തു വരുന്നു.

പൊതുവിപണിയിൽ വില നിരീക്ഷണം സംബന്ധിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിഭാവനം ചെയ്തിട്ടുള്ള രീതിയിൽ വില ശേഖരണം നടപ്പിൽ വരുത്തുന്നതിനും, സർക്കാരിന് കാര്യക്ഷമമായ ഇടപെടൽ പൊതുവിപണിയിൽ നടത്തുന്നതിനും ആയതു വഴി അനുദിനം വർദ്ധിച്ചു വരുന്ന പൊതുവിപണിയിലെ വില നിയന്ത്രിക്കുന്നതിനും അതിന്റെ കാരണങ്ങൾ വിലയിരുത്തുന്നതിനും സർക്കാരിന്റെ വിപണിയിടപെടലുമായി ബന്ധപ്പെട്ട നയരൂപീകരണത്തിൽ സഹായിക്കുന്നതിനും വേണ്ടി സംസ്ഥാന തലത്തിൽ 'Centre for price Research Kerala' രൂപീകരിച്ചിട്ടുണ്ട്. വിലവർദ്ധന സംബന്ധിച്ച് പഠനം നടത്തി മികച്ച ശുപാർശ സർക്കാരിനു നൽകുന്നതിനുവേണ്ടി സപ്ലൈകോ വഴി വിതരണം ചെയ്യുന്ന 13 അവശ്യസാധനങ്ങളുടെ വില പൊതുവിപണിയിൽ നിന്നും ശേഖരിച്ച്, താരതമ്യം ചെയ്ത് റിപ്പോർട്ട് പ്ലാനിംഗ് ബോർഡിലേക്കും സപ്ലൈകോയിലേയ്ക്കും സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിലേയ്ക്കും നൽകിവരുന്നു.

താലൂക്ക് തലത്തിൽ പൊതുവിപണിയിൽ നിന്നും വില ശേഖരിച്ച് അപ് ലോഡ് ചെയ്യുന്നതിനും, ആയത് വഴി

| | | | |
|---|---|---|---|
| | | | വില നിരീക്ഷിക്കുക. ചെറുകിട കർഷകരുടെ ഉത്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് വിറ്റഴിക്കുക എന്നീ ഉദ്ദേശങ്ങളോടെ 'Angadi Kerala App' എന്ന മൊബൈൽ ആപ്പ് രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ